**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5996** **25-03-2025 - ൽ മറുപടിയ്ക്ക്**

**വസ്തുവിന്മേൽ വായ്പ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘം രജിസ്ട്രാറുടെ 28.07.2011- ലെ 57/2011 നമ്പർ സർക്കുലർ പ്രകാരം മൂന്ന് സെന്റും അതിന് മുകളിലും കൈവശ ഭൂമിയുള്ള അംഗങ്ങൾക്ക് അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സഹകരണസംഘം രജിസ്ട്രാറുടെ 57/2011 സർക്കുലർ പ്രകാരം മൂന്ന് സെന്റും അതിനുമുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്ക്, വസ്തു ജാമ്യത്തിൽ അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. താലൂക്ക് തലത്തിൽ നടത്തി വരുന്ന സംഘങ്ങളുടെ പ്രതിമാസ യോഗങ്ങളിൽ ഇത്തരത്തിൽ നല്കി വരുന്ന വായ്പകൾ സംബന്ധിച്ച അവലോകനം നടത്തി നിർദ്ദേശം നൽകാറുണ്ട്. |
| (ബി) | അഞ്ച് സെന്റിൽ കുറവ് കൈവശ വസ്തു ഉള്ളതിന്റെ പേരിൽ സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ ബാങ്കുകൾ വായ്പ നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | അഞ്ച് സെന്റിൽ കുറവ് കൈവശ വസ്തു ഉള്ളതിന്റെ പേരിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വായ്പകൾ നിഷേധിക്കുന്ന സാഹചര്യം ഉള്ളതായി ഒറ്റപ്പാലം താലൂക്ക് വികസന സമിതി വഴി ഒരു പരാതി ലഭിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത പരാതിയിൽ സഹകരണ ബാങ്കിന്റെ പേര് ഉൾപ്പെടെയുള്ള വിവരങ്ങൾ ഉണ്ടായിരുന്നില്ല. സഹകരണ സംഘം രജിസ്ട്രാറുടെ 57/2011 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് താലൂക്ക് തലത്തിൽ നടത്തി വരുന്ന സംഘങ്ങളുടെ പ്രതിമാസ അവലോകന യോഗങ്ങളിൽ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ